കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം
2001 ഫെബ്രുവരി 27, ചൊവ്വ

വാല്യം 113] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2000 ഫെബ്രുവരി മാസം 29 -ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30.ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ.....

ചോദ്യം നമ്പർ * 121.

(ചോദ്യകർത്താക്കൾ സഭയിൽ ഹാജരില്ലാത്തതിനാൽ ചോദ്യം നമ്പർ *121 ഉന്നയിക്കപ്പെട്ടില്ല.)

റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനു നടപടി

1 (*122) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിച്ചു വരുന്ന ഭൂരഹിതരെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവേ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിച്ചുവരുന്ന ഭൂരഹിതർ എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിക്കുന്ന ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് നാളിതുവരെ നടപ്പാക്കിയ മിച്ചഭൂമി വിതരണത്തിൽ പ്രസ്തുത വിഭാഗത്തിന് എന്തെങ്കിലും മുൻഗണന നൽകിയിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിച്ചുവരുന്ന എത്ര കുടുംബങ്ങൾക്ക് മിച്ചഭൂമി അല്ലെങ്കിൽ മറ്റേതെങ്കിലും പ്രദേശത്ത് പുറമ്പോക്കുഭൂമി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിച്ചുവരുന്ന ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകുന്ന പദ്ധതി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ,

(എ) ഇല്ല.

(ബി) റവന്യൂവകുപ്പിൽ കണക്കാക്കിയിട്ടില്ല.

(സി) റവന്യൂവകുപ്പിൽ ഇല്ല.

(ഡി) മുൻഗണന നൽകിയിട്ടില്ല.

(ഇ) റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിക്കുന്ന എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് പ്രത്യേകമായി കണക്ക് എടുത്തിട്ടില്ല.

(എഫ്) പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥപ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ പുറംപോക്ക് ഭൂമിക്ക് പട്ടയം നൽകുവാൻ കഴിയുകയില്ല.

ശ്രീ. വി. കെ. ചന്ദ്രൻ : റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിക്കുന്ന ആളുകൾ എല്ലാ രംഗത്തും പുറമ്പോക്കിലാണ്. അവർക്ക് റേഷൻകാർഡില്ല. ഗവൺമെന്റ് നൽകുന്ന മറ്റു സഹായങ്ങൾ ലഭ്യമാകുന്നില്ല. ഇത്തരം ആളുകളെ പുനരധിവസിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് എന്തെല്ലാം ചെയ്തു എന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : പുറമ്പോക്കിൽ താമസിക്കുന്നവരും ഭൂമിയില്ലാത്തവരും ആയിട്ടുള്ള പാവപ്പെട്ടവർക്ക് ഭൂമി നൽകുന്നതിനും വീടുകൊടുക്കുന്നതിനും പണ്ട് സ്കീം ഉണ്ടായിരുന്നു. ഗവൺമെന്റ് പണം കൊടുത്ത് പഞ്ചായത്തുകൾ 4 സെന്റ് ഭൂമി വാങ്ങിക്കൊടുക്കുന്ന സംവിധാനം. ജനകീയാസൂത്രണം വന്നതിനു ശേഷം ഫണ്ട് പഞ്ചായത്തുകൾക്ക് നൽകുകയും പഞ്ചായത്തുകൾതന്നെ സ്ഥലം നൽകുകയും ചെയ്യുന്ന പദ്ധതിയാണ് കഴിഞ്ഞ മൂന്നുനാലു വർഷമായി നടന്നു വരുന്നത്. ആയിരക്കണക്കിന് ആളുകൾ ഇന്നു പുറമ്പോക്കിൽ താമസിക്കുന്നുണ്ട്. അവർക്ക് സ്ഥലമില്ലാത്തതുകൊണ്ടാണ് അങ്ങനെ താമസിക്കുന്നത്. അപൂർവ്വം ചില സ്ഥലങ്ങളിൽ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നത് വസ്തുതയാണെങ്കിലും അവരെ അംഗീകരിച്ചേ പറ്റൂ. 1-1-1992 മുതൽ പുറമ്പോക്കിൽ താമസിക്കുന്ന എല്ലാവർക്കും, അവർ സ്വന്തമായി ഭൂമിയില്ലാതെ, വീടില്ലാതെ താമസിക്കേണ്ടിവന്ന കുടുംബങ്ങളാണെങ്കിൽ അവർക്ക് കൈവശരേഖ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്നും നിയമാനുസരണം പട്ടയം നൽകാൻ കഴിയുന്ന ഭൂമിയിലാണ് താമസിക്കുന്നതെങ്കിൽ അവർക്ക് പട്ടയം നൽകണമെന്നും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരക്കണക്കിന് ആളുകൾക്ക് കൈവശരേഖയും പട്ടയവും ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഇവരെ ഒഴിപ്പിക്കപ്പെടേണ്ടിവരുമ്പോൾ, പകരം സ്ഥലം നൽകുന്നതിൽ ഇവർക്കു മുൻഗണന നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : പുറമ്പോക്കിൽ താമസിക്കുന്ന മുഴുവൻ ആളുകൾക്കും വീടുവയ്ക്കാനാവശ്യമായ ഭവന പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയേറെ വീടുകൾ ഉണ്ടാക്കിക്കൊടുത്ത ഒരു കാലഘട്ടം വേറെ ഉണ്ടായിട്ടില്ല. 7 ലക്ഷം പേരാണ് കേരളത്തിലൊട്ടാകെ വീടില്ലാത്തവരായിട്ടുള്ളത്. അതിൽ അഞ്ചരലക്ഷം പേർക്ക് ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഈ നാലര വർഷംകൊണ്ട് വീടുണ്ടാക്കിക്കൊടുത്തു കഴിഞ്ഞു. അടുത്ത ഒരു സമയം കൂടി ലഭ്യമാകുമെങ്കിൽ കേരളത്തിൽ വീടില്ലാത്തവരുടെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള സാദ്ധ്യതകളുമുണ്ടാകും.

ശ്രീ. പി. രാഘവൻ : റോഡ്, പുഴ പുറമ്പോക്കുകളിൽ താമസിക്കുന്ന പതിനായിരക്കണക്കിനാളുകൾക്ക് കൈവശരേഖ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അവർക്ക് കൈവശരേഖ കിട്ടിയാലും ഇല്ലെങ്കിലും റേഷൻ കാർഡ് കൊടുക്കാൻ കൽപ്പന പുറപ്പെടുവിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : റേഷൻ കാർഡ് കിട്ടാത്തതാണ് കൈവശരേഖ കൊടുക്കാനുള്ള തീരുമാനമെടുക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. കൈവശരേഖ ഇല്ലെങ്കിലും റേഷൻകാർഡ് കൊടുക്കണമെന്ന തീരുമാനമെടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് അഞ്ചുകൊല്ലം വരെ വീടില്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് മുഴുവൻ കൈവശരേഖ കൊടുക്കണമെന്ന് പഞ്ചായത്തുകളും റവന്യൂ ഡിപ്പാർട്ടുമെന്റും തീരുമാനിച്ചിട്ടുണ്ട്. 90 ശതമാനം ആളുകൾക്ക് കൈവശരേഖ കൊടുത്തുകഴിഞ്ഞു. അവർക്കെല്ലാം റേഷൻകാർഡ് കൊടുക്കണമെന്നു നിഷ്ക്കർഷിച്ചിട്ടുണ്ട്. അവർക്കെല്ലാം റേഷൻ കിട്ടുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. രാഘവൻ : കേരളത്തിൽ എത്രപേർ പുറമ്പോക്കിൽ താമസിക്കുന്നുണ്ടെന്ന കണക്കെടുത്തിട്ടില്ലെന്ന് പറഞ്ഞു. അവർക്ക് വീടു കൊടുക്കണമെങ്കിൽ ഇത്ര വീടു കൊടുക്കണമെന്ന ധാരണ വേണം. അതുകൊണ്ട് സർവ്വേ നടത്തി ഇവരുടെ പ്രശ്നങ്ങളെന്തൊക്കെയാണെന്നതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ ഉത്തരവ് നൽകുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : കുറച്ചു സമയം എടുത്താൽ പറയാവുന്നതേയുള്ളു. ഇപ്പോൾ ഓരോ പഞ്ചായത്തിലും തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ വീടില്ലാത്തവരുടേയും തൊഴിലില്ലാത്തവരുടേയും റേഷൻകാർഡ് ഇല്ലാത്തവരുടേയും എല്ലാം ഡീറ്റെയിൽസ് ഉണ്ട്. ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടാൽ 15 ദിവസംകൊണ്ട് പഞ്ചായത്തുകളിൽ നിന്ന് കണക്കുകൾ ശേഖരിക്കാവുന്നതേയുള്ളു. ഇപ്പോൾത്തന്നെ ആ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ കയ്യിൽ കണക്കുണ്ട്. ഇപ്പോൾ ഉത്തരം പറയാൻ തക്കവണ്ണം ഇല്ലെന്നേയുള്ളൂ. അങ്ങനെയൊരു ചോദ്യം വിശദമായിചോദിച്ചാൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് ശേഖരിച്ച് തരുന്നതാണ്.

ശ്രീ. പി. വിശ്വൻ : റോഡ്, പുഴ കടലോര പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിൽ, കൈവശഭൂമിക്ക് പട്ടയം കൊടുക്കുന്നതിന്, പ്രത്യേകിച്ചും കടലോര പ്രദേശങ്ങളിൽ തീരദേശ നിയമം ബാധകമാണെന്നു പറഞ്ഞുകൊണ്ട് പട്ടയം കൊടുക്കുന്നതു വ്യാപകമായി തടയപ്പെടുന്നുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ നൂലാമാലയിൽനിന്നു കൈവശക്കാരെ രക്ഷിക്കാൻ എന്തെങ്കിലും നടപടി സർക്കാർ ആവിഷ്ക്കരിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : പുഴ, തോട് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക്, പഞ്ചായത്തിൽ വെസ്റ്റ് ചെയ്തശേഷം ഭൂമിപതിച്ചുകൊടുക്കാൻ കഴിയാത്ത നിലയിലാണ്. ഇപ്പോൾ ഹൈക്കോടതിയും പുഴ പുറമ്പോക്കുകൾ പതിച്ചു കൊടുക്കാൻ പാടില്ലെന്നു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പട്ടയം നൽകാൻ തടസ്സം വന്നിട്ടുള്ളത്. കടലോര മേഖലയിൽ താമസിക്കുന്നവരുടെ കാര്യത്തിലും തീരദേശ നിയമം ബാധകമാണെന്നുള്ളതുകൊണ്ട് ഇതിനു പട്ടയം നൽകാൻ പാടില്ലെന്നുള്ള നിർദ്ദേശമായിരുന്നു നിലവിലുണ്ടായിരുന്നത് എങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടു ചില വ്യക്തതവരുത്തി. പരമ്പരയായിട്ട് താമസിച്ചുവരുന്നവർ, മൽസ്യത്തൊഴിലാളികൾ എന്നിവർക്ക് ഇതു ബാധകമാക്കാതെ പട്ടയം കൊടുക്കാവുന്നതാണെന്നുള്ളതിനെക്കുറിച്ച് ഫിഷറീസ്വകുപ്പും പോർട്ടുവകുപ്പും റവന്യൂവകുപ്പും സംയുക്തമായി ചർച്ച ചെയ്തു. ഇപ്പോൾ പോർട്ടിനുവേണ്ടി നോട്ടിഫൈ ചെയ്ത സ്ഥലങ്ങളൊഴിച്ച് ബാക്കി എല്ലാ സ്ഥലങ്ങളിലും പട്ടയം കൊടുക്കാമെന്നു തീരുമാനിക്കുകയും കേരളത്തിന്റെ കടലോരമേഖലയിലെ ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കുകയും ചെയ്തു. തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ വലിയ ഉൽസവ പ്രതീതിയിലാണ് പട്ടയം കൊടുത്തത്. കോഴിക്കോട്ടും കണ്ണൂരും കൊടുത്തു. പല സ്ഥലത്തും കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വിശ്വൻ : പുറമ്പോക്കിൽ താമസിക്കുന്നവർക്ക് വീടുവയ്ക്കുന്നതു സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ രണ്ടു വർഷമായി കോഴിക്കോട് ജില്ലയിലെ മുഴുവൻ മൽസ്യത്തൊഴിലാളി അപേക്ഷകർക്കും വീടുവയ്ക്കാനുള്ള ധനസഹായം കൊടുത്തു. എന്നാൽ ആവശ്യത്തിനു ഭൂമി ഇല്ലാത്തതുകൊണ്ട് ആപ്ലിക്കേഷൻ കൊടുക്കാൻ കഴിയുന്നില്ല. അത്തരം ആളുകൾക്ക് ഭൂമി കൊടുക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തു നിന്നു ത്വരിതപ്പെടുത്തുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : സർക്കാരിൽനിന്നു ഭൂമി കൊടുക്കുന്നതിന് ചില വ്യവസ്ഥാപിത മാർഗ്ഗങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിലേ കൊടുക്കാൻ പറ്റൂ. അതിൽ മുൻഗണനാ ക്രമം പറയുന്നത് കർഷകത്തൊഴിലാളികൾ, ഭൂരഹിത

LIBRARY ARCHIVES Kerala Legislative Assembly

ജനവിഭാഗങ്ങൾ, പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾ ആ അടിസ്ഥാനത്തിലാണ്. ആ അടിസ്ഥാനത്തിൽ മിച്ചഭൂമി നൽകാൻ കഴിയുന്നതു മുഴുവൻ സമയബന്ധിതമായി നൽകാൻ നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്. ഈ നാലര വർഷത്തിനകത്ത് കുറെയേറെ വർഷങ്ങൾ നടപ്പാകാതെ കിടന്ന മിച്ചഭൂമി കേസുകൾ തീർപ്പാക്കി ഏറ്റെടുത്തു വിതരണം ചെയ്യുന്നുണ്ട്. ധാരാളം ആളുകൾക്ക് മിച്ചഭൂമി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ മൽസ്യത്തൊഴിലാളികളും ആപ്ലിക്കേഷൻ കൊടുക്കും. തീർച്ചയായും അർഹരായവർക്ക് ഭൂമി ലഭ്യമാകും.

ശ്രീ. എം. വി. ജയരാജൻ : റോഡ്, പുഴ, കടലോരം എന്നീ പുറമ്പോക്കുകളിൽ താമസിച്ചു വരുന്ന ജനങ്ങൾക്കായുള്ള മിച്ചഭൂമി വിതരണത്തിൽ മുൻഗണന നൽകുമോ ? അതിനായി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ് മിച്ച ഭൂമി വിതരണം ചെയ്യുന്നത്. അതിൽ ഇഷ്ടംപോലെ ഭേദഗതികൾ കൊണ്ടുവന്ന് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് മുൻഗണന കൊടുക്കണമെന്ന് തീരുമാനിക്കാൻ കഴിയുകയില്ല. എന്നാൽ പഞ്ചായത്തിലോ മറ്റോ ഉള്ള സർക്കാരിന്റെ പ്രത്യേക സ്ഥലങ്ങൾ വീതിച്ചുകൊടുക്കുമ്പോൾ ഇന്ന വിഭാഗത്തിനു കൊടുക്കണമെന്നു തീരുമാനമെടുത്തു കൊടുക്കാമെന്നല്ലാതെ മിച്ചഭൂമി വിതരണത്തിൽ അത്തരമൊരു വ്യവസ്ഥ ഉൾക്കൊള്ളിക്കാൻ സാധിക്കുകയില്ല. എന്നാൽ ഇവർ കൂടി അപേക്ഷിക്കുകയാണെങ്കിൽ തീർച്ചയായിട്ടും അതിനുള്ള പരിഗണന അവർക്കു കിട്ടും. അങ്ങനെയാണ് ധാരാളം ആളുകളെ നമ്മൾ മാറ്റി പാർപ്പിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ : സംസ്ഥാനത്ത് റോഡ്, പുഴ, കടലോരം എന്നിവിടങ്ങളിൽ ഏറ്റവും കൂടുതൽ പുറമ്പോക്കു ഭൂമി ഉള്ളത് ഏതു ജില്ലയിലാണെന്നും ഇവിടെയെല്ലാം കൂടി എത്ര പേർ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : കുഴഞ്ഞ ചോദ്യമാണ് ചോദിക്കുന്നത്. അങ്ങനെ വ്യക്തമായിട്ട് പറയാൻ കഴിയുകയില്ല. എല്ലാ ജില്ലകളിലുമുണ്ട്.

ശ്രീ. പി. ജെ. ഫ്രാൻസിസ് : ആലപ്പുഴ-ചേർത്തല തോട് പൂർത്തീകരിക്കാത്ത തോടാണ്. അത് കമ്മിഷൻ ചെയ്തിട്ടുമില്ല. അതുകൊണ്ട് തന്നെ അത് ഇറിഗേഷൻ വകുപ്പിന്റെ കീഴിലല്ല. പക്ഷേ ആ തോടു പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമി പതിച്ചു നൽകുവാനുള്ള അപേക്ഷ കൊടുക്കുമ്പോൾ റവന്യൂ ഡിപ്പാർട്ടുമെന്റ് അത് നൽകുന്നില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വേണമെന്നാണ് പറയുന്നത്. അതില്ലാതെ നൽകുവാൻ ഗവൺമെന്റിന്റേതായിട്ടുള്ള ശ്രമം നടത്തുമോ? ഇതിന് അവരുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല. കാരണം അതിപ്പോൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈയിലല്ല എന്ന് അവർ തന്നെ സമ്മതിച്ചിട്ടുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ : അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് പരിശോധിക്കാം; തടസ്സങ്ങളുണ്ടെങ്കിൽ അതൊഴിവാക്കി പട്ടയം കൊടുക്കാൻ കഴിയുമോ എന്നുള്ളത് നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : കണ്ണൂർ ജില്ലയുടെ ചരിത്രത്തിൽ ഈ കഴിഞ്ഞ നാലര വർഷക്കാലത്തിനിടയിൽ നടന്നതുപോലെയുള്ള മിച്ചഭൂമി വിതരണം ഈ അടുത്ത കാലത്തൊന്നും നടന്നിട്ടില്ല. അക്കാര്യത്തിൽ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ആറളം ഫാമിൽ വർഷങ്ങളായിട്ട് താമസിക്കുന്ന നൂറോളം ആദിവാസികൾ, അതിൽ ഏറ്റവും പിന്നണിയിൽ നിൽക്കുന്ന പണിയർ വിഭാഗത്തിലെ ആളുകൾ കൂര വയ്ക്കാൻപോലും സാധിക്കാതെ വിഷമിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് അടിയന്തിരമായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തിലും ഇല്ലാത്ത നിലയിൽ ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഒരേക്കർ ഭൂമിവച്ച് കൊടുക്കാൻ തീരുമാനിച്ച സംസ്ഥാനമാണ് കേരളം. അത് കൊടുക്കാനും തുടങ്ങി. ഈ കഴിഞ്ഞ മാസം 700 ആദിവാസികുടുംബങ്ങൾക്ക് 700 ഏക്കർ ഭൂമി സ്ഥലം എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ ഓരോ ഏക്കർ വച്ച് അവർക്ക് ബോദ്ധ്യമായ ഭൂമിയാണ് കൊടുത്തത്. കാസർകോട് ജില്ലയിലും പാലക്കാട് ജില്ലയിലും കൊടുത്തു. ആ പ്രക്രിയ ഇപ്പോൾ തുടരുകയാണ്. ഭൂമിയില്ലാത്ത എത്ര ആദിവാസികൾ ഉണ്ടോ അവർക്ക് മുഴുവനും ഓരോ ഏക്കർ ഭൂമിവീതം നൽകുന്നതിന് മിച്ച ഭൂമിയും റവന്യൂ ഭൂമിയും ഏറ്റെടുത്ത് കൊടുക്കുന്നുണ്ട്. വെസ്റ്റഡ് ഫോറസ്റ്റിൽ നിന്നും ഇരുപതിനായിരത്തോളം ഏക്കർഭൂമി സംസ്ഥാനത്തിനു വിട്ടുതരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവരുമായി രണ്ടു മൂന്നു വട്ടം ഞങ്ങൾ ചർച്ചചെയ്തു കഴിഞ്ഞു. വനംവകുപ്പിന്റെ ഉദ്യോഗസ്ഥന്മാർ ഇവിടെ വന്നു. സ്ഥലം വിട്ടു തരാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അതു കിട്ടുന്ന മുറയ്ക്ക് ഇവിടത്തെ ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നഷ്ടപ്പെട്ടവർക്കും പൂർണ്ണമായ അളവിൽ കൊടുക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും.

ശ്രീ. സി. മൊയിൻകുട്ടി : റോഡ്, പുഴ എന്നിവയുടെ പുറമ്പോക്കിൽ താമസിക്കുന്നവരുടെ നിലനിൽപ്പ് ഒരു കനത്ത പ്രശ്നമാണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പഞ്ചായത്തുകളിലെ ഭൂരഹിത കർഷകത്തൊഴിലാളികൾക്കും അതുപോലെയുള്ള ആളുകൾക്കും ഇത്തരം പദ്ധതിയിലൂടെ ഭൂമി കൊടുക്കുമ്പോൾ ഇത്തരം പുറമ്പോക്കുകളിൽ താമസിക്കുന്നവർക്കു കൂടി സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഇവരെക്കൂടി പരിഗണിക്കുന്ന കാര്യം മുൻഗണനാക്രമത്തിലെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ? അങ്ങനെ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ ; ഇനി വല്ലതും നൽകുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : സ്വാഭാവികമായും പുറമ്പോക്കിൽ താമസിക്കുന്നവർക്ക് കൈവശരേഖ കൊടുക്കുമ്പോൾ അവരെ മാറ്റിപാർപ്പിക്കേണ്ടി വരുകയാണെങ്കിൽ തീർച്ചയായിട്ടും അവർക്ക് ഒരു പ്രയോറിറ്റി നൽകണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്വാഭാവികമായും അങ്ങനെ മാറ്റി പാർപ്പിക്കേണ്ടി വരുമ്പോൾ അവർക്ക് മുൻഗണന കൊടുക്കുക എന്നുള്ളത് സ്വാഭാവികമാണ്. കൊടുക്കണമെന്ന് നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ബാലൻ വൈദ്യർ : മിച്ച ഭൂമി ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കൊടുക്കാൻ പ്രത്യേക നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. കോഴിക്കോട് താലൂക്കിലെ അമ്പായത്തോട് മിച്ച ഭൂമിയിൽ കാലാകാലങ്ങളായി താമസിക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്. അവർക്ക് ആ ഭൂമി പതിച്ചുകൊടുത്തതിനുശേഷം ബാക്കി വരുന്ന ഭൂമി ഈ വിഭാഗത്തിൽപ്പെട്ടവർക്കു കൊടുക്കാൻ നടപടി സ്വീകരിക്കുമോ? അമ്പായത്തോട് മിച്ചഭൂമി അവിടെ താമസിക്കുന്നവർക്ക് കൊടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : അമ്പായത്തോട് മിച്ച ഭൂമി പ്രശ്നം ദീർഘകാലമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു തുടങ്ങിയ പ്രശ്നമാണ്. ആ പ്രശ്നത്തിന് ഒരു വഴി കണ്ടുപിടിക്കണമെന്നുള്ള നിലയിൽ ഞങ്ങൾ അതിനെക്കുറിച്ച് ചർച്ച ചെയ്തു. ദീർഘകാലമായി ഭൂമി കൈയേറി കൈവശം വച്ചിരിക്കുന്നവരാണെങ്കിലും കൈയേറ്റക്കാർ ഒരു പരിധി കഴിഞ്ഞാൽ കൈവശക്കാരായി മാറിയിരിക്കുകയാണ്. അതുകൊണ്ട് കൈവശക്കാർക്ക് അവരുടെ കൈവശഭൂമിയിൽ നിന്ന് ഒരു നിശ്ചിത അളവിൽ ഭൂമി നൽകി അവരെ സെറ്റിൽ ചെയ്യണമെന്നും ബാക്കി ഭൂമി സമീപ പ്രദേശങ്ങളിൽ നിന്നും അപേക്ഷ സ്വീകരിച്ച് അതിൽ നിയമാനുസരണമായി യോഗ്യതയുള്ളവർക്കു കൊടുക്കണമെന്നും ഉള്ള ധാരണ ഉണ്ടാക്കുകയും അത് ക്യാബിനറ്റ് അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ നടപടികളെല്ലാം പൂർത്തിയാക്കി വച്ചിരിക്കുകയാണ്. ഇവിടെ താമസിക്കുന്നവരടക്കം 1500-ഓളം ആളുകൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികളെല്ലാം പൂർത്തിയാക്കി വച്ചിരിക്കുകയാണ്. മിച്ചഭൂമി നൽകാൻ ഇടയായ ഭൂമിയുടെ ഉടമസ്ഥരെ ഒഴിപ്പിക്കണമെന്നു ശഠിച്ചുകൊണ്ട് കോടതിയിൽ കേസ് നിലനിൽക്കുന്നു എന്നുള്ളതുകൊണ്ടാണ് പരിഹാരം ഉണ്ടാക്കാൻ കഴിയാത്തത്. കേസിന് ഒരു തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഇവർക്ക് തന്നെ ആ ഭൂമി കൊടുക്കാൻ കഴിയും. അതിനാവശ്യമായ നടപടികളെല്ലാം ഗവൺമെന്റ് പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : പുഴ പുറമ്പോക്ക് ഒരിക്കലും പതിച്ചു കൊടുക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ട് രണ്ടുപ്രാവശ്യം ഹൈക്കോടതി വിധി ഉള്ളതുകൊണ്ട് എറണാകുളം ജില്ലയിൽ പലപ്രദേശങ്ങളിലും ഇങ്ങനെ ഭൂമി പതിച്ചുകൊടുക്കാൻ കഴിയുന്നില്ല. അങ്ങ് അവിടെ വന്ന് മീറ്റിംഗ് നടത്തിയപ്പോൾ അത് വളരെയധികം പ്രകടമാക്കപ്പെട്ടതാണ്. അതുകൊണ്ട് ഒന്നുകിൽ ആ ഹൈക്കോടതി വിധിക്കെതിരായി അപ്പീൽ കൊടുത്ത് അതിൽ ഭേദഗതി വരുത്തണം അല്ലെങ്കിൽ നമ്മുടെ സർവ്വേ റിക്കോർഡുകളിൽ ഈ ഭൂമി പുറമ്പോക്ക് ഭൂമിയാണെന്നുള്ളത് മാറ്റാൻ കഴിയുമോ എന്ന് പരിശോധിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : കോടതി വിധിയിൽ കർശനമായി ഇവർക്ക് കൊടുക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. സർവ്വേ റിക്കോർഡുകളിൽ ദീർഘകാലമായി പുഴ പുറമ്പോക്ക് എന്നു രേഖപ്പെടുത്തിയത് അതേപടി അനുവർത്തിക്കപ്പെടുന്നു എന്നുള്ളതാണ് ഇപ്പോൾ ഒരു തടസ്സമായിക്കാണുന്നത് എന്നാണ് ഞങ്ങൾക്ക് ബോദ്ധ്യമായിട്ടുള്ളത്. കാരണം 100 കൊല്ലങ്ങൾക്കു മുമ്പ് പുഴയുണ്ടായിരുന്ന

പ്രദേശം ഇപ്പോഴും പുഴ പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പക്ഷേ ഇപ്പോൾ അവിടെ പുഴയില്ല, തോടില്ല, ആ പ്രദേശങ്ങൾ മുഴുവൻ പട്ടണ സ്വഭാവമായിട്ടുണ്ടെങ്കിലും പുഴ പുറമ്പോക്ക് എന്നാണ് റിക്കോർഡിൽ കാണുന്നത്. എന്നാൽ ആ പ്രദേശങ്ങൾ പുഴ പുറമ്പോക്ക് എന്നുള്ള പരിഗണനയിൽ കൊടുക്കാനും കഴിയുന്നില്ല. അതുകൊണ്ട് ഇത്തരം പ്രദേശങ്ങൾ റീ സർവ്വേ നടത്തി ദീർഘകാലമായി തുടർന്ന അവസ്ഥയും ഇന്നത്തെ അവസ്ഥയും എന്താണെന്നു റിക്കോർഡാക്കി അതിന്റെ അടിസ്ഥാനത്തിൽ കൊടുക്കാൻ കഴിയുമോ എന്നുള്ളത് ഞങ്ങൾ പരിശോധിച്ചു വരുകയാണ്. അങ്ങനെയാണെങ്കിൽ ഒരുപാട് ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. അതാണിപ്പോൾ ചെയ്യാൻ പോകുന്നത്.

ശ്രീ. ജോസ് ബേബി : റോഡ്, പുഴ പുറമ്പോക്കുകളെപ്പോലെ തന്നെ ഏറ്റവും പ്രാധാന്യമുള്ളതാണ് വനം പുറമ്പോക്ക്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ 1-1-1991-നു മുമ്പുള്ള റോഡ്, പുഴ പുറമ്പോക്കുകളിലുള്ള മുഴുവൻ ആളുകൾക്കും പട്ടയവും കൈവശരേഖയും കൊടുത്തു എന്നുപറഞ്ഞു. ഇതിനേക്കാൾ വളരെ ഗൗരവമായ, മുപ്പതും നാൽപ്പതും വർഷം വനം പുറമ്പോക്കിൽ താമസിച്ചിരുന്ന ആളുകൾ ഇപ്പോൾ കുടിയൊഴിപ്പിക്കൽ ഭീഷണി നേരിട്ടു കൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും നടപടിയുണ്ടോ ; അതിന് ഗവൺമെന്റ് എന്തു ചെയ്തു എന്നു പറയാമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇതൊരു ന്യായമായ പ്രശ്നമാണ്. മലബാർ ഭാഗത്താണ് ഇത് കൂടുതലുണ്ടാകുന്നത്. തെക്കൻ ജില്ലകളിലൊക്കെ ഫോറസ്റ്റും ഫോറസ്റ്റിനോട് ബന്ധപ്പെട്ട സമീപ പ്രദേശങ്ങളിലെ ഫോറസ്റ്റ് കയ്യേറ്റവുമായി ബന്ധപ്പെട്ട കുറെ പ്രശ്നങ്ങളാണ്, അതിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത ഒരു നിലപാട് നമ്മൾ സ്വീകരിക്കുന്നുമുണ്ട്. എന്നാൽ മലബാർ ഭാഗത്ത് വെസ്റ്റഡ് ഫോറസ്റ്റിന്റെ പരിധിയിൽ വരുന്ന കുറെ സ്ഥലങ്ങളിൽ വെസ്റ്റ് ചെയ്യുന്നതിനു മുമ്പുതന്നെ കൈവശക്കാരായിരുന്നവരടക്കം വെസ്റ്റ് ചെയ്തതിൽ ഉൾപ്പെട്ടു എന്ന നിലയിലുള്ള ചില പ്രശ്നങ്ങൾ അപൂർവം നിലനിൽക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളൊക്കെ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും റവന്യൂവകുപ്പും വനംവകുപ്പും ഉദ്യോഗസ്ഥന്മാർ സംയുക്തമായി ഇരുന്ന് റിക്കാർഡുകൾ, സ്ഥലം എന്നിവ പരിശോധിച്ച് തീർക്കാൻ കഴിയുന്ന കേസുകൾ തീർക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയുമാണ്. എന്നാലും കുറച്ച് സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളാണ്, ഇപ്പോഴും കുറെ പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ട്. അതും പരിഹരിക്കാൻ ഞങ്ങൾ കൂട്ടായി ശ്രമിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നമ്മുടെ സംസ്ഥാനത്ത്, ശ്രീ. ടി. കെ. രാമകൃഷ്ണനറിയാം, കൊല്ലം-മധുര റെയിൽവേ ലൈൻ മീറ്റർഗേജ് ബ്രോഡ്ഗേജാക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് കഴിഞ്ഞ അറുപതും എഴുപതും കൊല്ലങ്ങളായി കുടികിടക്കുന്ന ആയിരക്കണക്കിന് ആളുകൾ പുറത്തേയ്ക്ക് പോകേണ്ട ഒരു സ്ഥിതിയിലാണ് എത്തിയിരിക്കുന്നത്. വളരെക്കാലം മുമ്പ്, സ്വാതന്ത്ര്യത്തിനുമുമ്പ് തന്നെ താമസിച്ചിരുന്നവരാണ് ഇവർ. ഇത് ബ്രോഡ്ഗേജാക്കുന്നതോടുകൂടി കൊല്ലം മുതൽ ഏതാണ്ട് ചെങ്കോട്ട വരെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട ഈ ആളുകളെ പുനരധിവസിപ്പിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ ചില തീരുമാനങ്ങളൊക്കെ എടുത്തിരുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയില്ല. അവരെ പുനരധിവസിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ; ഇപ്പോഴത്തെ റയിൽവേ ബഡ്ജറ്റിലും അടുത്ത മാർച്ചിനുശേഷം പുനലൂർ-കൊല്ലം സെക്ടറിന്റെ പണി ആരംഭിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അവരെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ മുമ്പിൽ എന്തെങ്കിലും നിർദ്ദേശമുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : അതിന്റെ വിശദാംശങ്ങൾ എനിക്കറിയില്ല. സാധാരണഗതിയിൽ ഭൂമി അക്വയർ ചെയ്യുമ്പോൾ അക്വിസിഷൻ നടപടി പൂർത്തിയാക്കി അവരെ ഒഴിപ്പിക്കുക എന്നതല്ലാതെ അവരുടെ പുനരധിവാസം എന്ന ഒരു വിഷയത്തിൽ .....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : റെയിൽവേയുടെ സ്ഥലത്ത് താമസിക്കുന്നവരാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഗവൺമെന്റ് പ്രത്യേകം തീരുമാനമെടുത്ത് അവരെ മാറ്റാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. അതിന്റെ വിശദാംശങ്ങൾ കിട്ടിയാൽ ആ അടിസ്ഥാനത്തിൽ പരിശോധിച്ച് പരിഹാരമുണ്ടാക്കാം.

വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കാൻ നടപടി

2 (*123) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതവേഗത്തിൽ ഓടുന്ന ബസുകളാണ് അപകടങ്ങൾക്കും യാത്രക്കാരുടെ മരണത്തിനും ഇടയാക്കുന്ന പ്രധാനഘടകമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ബസുകളുടെ അമിതവേഗത തടയുന്നതിനും അതിലൂടെ അപകടങ്ങൾ ഒഴിവാക്കുന്നതിനും, മോട്ടോർ വാഹനവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സംസ്ഥാനത്ത് ബസുകളുടെ അമിതവേഗത ഫലപ്രദമായി തടയുന്നതിന് സ്പീഡ് റഡാറുകൾ സ്ഥാപിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്പീഡ് റഡാറുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ ; ഇതിനകം ഏതൊക്കെ ജില്ലകളിലാണ് സ്പീഡ് റഡാറുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly